**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2816** **10-03-2025 - ൽ മറുപടിയ്ക്ക്**

**വിവാഹ ധനസഹായം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1,25,000/-രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1,50,000/-രൂപയും അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 2,00,000/-രൂപയും അനുവദിച്ച് വരുന്നു. |
| (ബി) | നിലവിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പെൺകുട്ടികൾക്ക് സഹായങ്ങൾ നൽകി വരുന്നത് എന്ന് അറിയിക്കുമോ; നിലവിൽ സഹായധനം ലഭിക്കാനുള്ള വാർഷിക വരുമാന പരിധി എത്രയാണ് എന്നും ഈ വരുമാന പരിധി ഒഴിവാക്കുമോ എന്നും വ്യക്തമാക്കുമോ; | (ബി) | **<u>പട്ടികജാതി വിഭാഗം</u>**<br>• . വിവാഹം കഴിഞ്ഞു 1 വർഷത്തിന് ഉള്ളിൽ ധനസഹായ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>•<br>• . അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹ സർട്ടിഫിക്കറ്റ് സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനം വഴിയും ഈ ആനുകൂല്യം ലഭ്യമാണ്.<br>. കുടുംബ വാർഷിക വരുമാനപരിധി 1,00,000/- രൂപയായി നിശ്ചയിച്ചിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് ആണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്.<br>**<u>പട്ടികവർഗ്ഗ വിഭാഗം</u>** |

| | | | |
|---|---|---|---|
| | | | . ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിലെ 21 വയസ്സോ അതിന് മുകളിലോ പ്രായമുള്ള പെൺകുട്ടികൾക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്.<br><br>. വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് വിവാഹിതരായ പെൺകുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| (സി) | നിലവിൽ നൽകിവരുന്ന സഹായധനം എത്രയാണ്; ഇത് കുറഞ്ഞത് മൂന്ന് ലക്ഷം രൂപയാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1,25,000/-രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1,50,000/-രൂപയും അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 2,00,000/-രൂപയും അനുവദിച്ച് വരുന്നുണ്ട്.<br><br>ടി ധനസഹായ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ